സഹകരണ വകുപ്പുമന്ത്രി (ശ്രീ. സി. എൻ. ബാലകൃഷ്ണൻ) : സർ,

(എ) പൊതുവായി അത്തരം പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ ചില സഹകരണ സംഘങ്ങൾ, കാർഷിക മേഖലയിൽ കാര്യമായി ഇടപെടുന്നില്ലെന്ന് ആക്ഷേപങ്ങൾ ഉണ്ടായിട്ടുണ്ട്.

(ബി) പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘങ്ങൾ ഇപ്പോഴും കാർഷിക മേഖലയിൽ സജീവമായി ഇടപെടുന്നുണ്ട്. കാർഷിക വായ്പാ സഹകരണ സംഘങ്ങൾ പരമാവധി കാർഷിക വായ്പകൾ നൽകാനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. കാർഷിക വായ്പാ വിതരണം നടത്താത്ത സംഘങ്ങളുടെ വിശദീകരണം തേടുകയും വീഴ്ച വരുത്തിയ സംഘങ്ങളെ കാർഷികേതര വായ്പാ സംഘങ്ങളായി മാറ്റുകയും ചെയ്തിട്ടുണ്ട്. സഹകരണ സംഘങ്ങളുടെ ആഭിമുഖ്യത്തിൽ സ്വാശ്രയ ഗ്രൂപ്പുകൾ രൂപീകരിക്കുകയും ഈ മേഖലയിൽ ടി ഗ്രൂപ്പുകൾ കാര്യമായി ഇടപെടുന്നുമുണ്ട്.

ഹ്രസ്വകാല കാർഷിക വായ്പകൾ 3 ലക്ഷം രൂപവരെ 7 ശതമാനം പലിശയ്ക്ക് നൽകുകയും ടി വായ്പകളിൽ 1 ലക്ഷം രൂപവരെ പരസ്പര ജാമ്യത്തിൽ നൽകുകയും ചെയ്തുവരുന്നു. നിലവിൽ ഹ്രസ്വകാല കാർഷിക വായ്പകൾ 10 ലക്ഷം രൂപയായി, സ്കെയിൽ ഓഫ് ഫിനാൻസിന് വിധേയമായി വർദ്ധിപ്പിക്കുവാൻ നിർദ്ദേശം പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. കൂടുതൽ കാർഷിക വായ്പ സ്വന്തം ഫണ്ടുപയോഗിച്ച് നൽകുന്ന സംഘങ്ങൾക്കും നെൽകൃഷിക്ക് 20 ശതമാനത്തിൽ കൂടുതൽ തുക നൽകുന്ന സംഘങ്ങൾക്കും പ്രോത്സാഹനം നൽകുന്നതിന് തുക ബഡ്ജറ്റിൽ വകയിരുത്തുകയും ആയത് നൽകിവരുകയും ചെയ്യുന്നു.

**ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് വകുപ്പിന്റെ പ്രവർത്തനം**

16 (*136) ശ്രീ. എം. ഹംസ :
ശ്രീ. വി. ശിവൻകുട്ടി :
ശ്രീ. സാജു പോൾ :
ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാധ്യമങ്ങൾവഴിയുള്ള പരസ്യങ്ങളിൽ ജനങ്ങൾ കബളിപ്പിക്കപ്പെടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) യാഥാർത്ഥ്യബോധമില്ലാത്ത കാര്യങ്ങൾ പരസ്യങ്ങൾവഴി ജനങ്ങളെ അറിയിക്കുന്നത് തടയാൻ തയ്യാറാകുമോ ; ഏതെല്ലാം നിലയിൽ ഇത് സാധ്യമാണെന്ന് പരിശോധിച്ചിട്ടുണ്ടോ ;

(സി) ഇക്കാര്യത്തിൽ ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് വകുപ്പിനെ മാതൃകാപരമായി പ്രവർത്തിപ്പിക്കാൻ തയ്യാറാകുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്) : സർ,

(എ) ഇങ്ങനെയുള്ള പരാതികൾ ഉണ്ടായേക്കാം.

(ബി) നിയമപരമായ സാധുത പരിശോധിക്കാവുന്നതാണ്.

(സി) ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് വകുപ്പ് യാഥാർത്ഥ്യ ബോധത്തോടെയും വസ്തുതപരമായും തന്നെയാണ് പരസ്യങ്ങൾ നൽകുന്നത്. ഇത് തികച്ചും മാതൃകാപരമാണ്.

## ബാങ്കിംഗ് നിയന്ത്രണ നിയമ ഭേദഗതിയും സഹകരണ ബാങ്കുകളുടെ പ്രവർത്തനവും

17 (*137) ശ്രീ. ബി. ഡി. ദേവസ്സി :
ശ്രീ. സി. കൃഷ്ണൻ :
ശ്രീ. സി. കെ. സദാശിവൻ :
ശ്രീ. കെ. വി. അബ്ദുൾഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബാങ്കിങ് നിയന്ത്രണ നിയമത്തിന് നിർദ്ദേശിക്കപ്പെട്ടിരിക്കുന്ന ഭേദഗതി ജില്ലാ സഹകരണ ബാങ്കുകളുടെയും അർബൻ സഹകരണ ബാങ്കുകളുടെയും പ്രവർത്തനത്തെ ഏതെല്ലാം നിലയിൽ പ്രതികൂലമായി ബാധിക്കുമെന്ന് പരിശോധിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ;

(ബി) ബാങ്കുകളുടെ കരുതൽ അനുപാതവും സ്റ്റാറ്റ്യൂട്ടറി ലിക്വിഡിറ്റി റേഷ്യോയും കേന്ദ്ര സർക്കാർ വർദ്ധിപ്പിച്ചതിനാൽ സഹകരണ വായ്പയുടെ ലഭ്യതയിൽ വൻകുറവുണ്ടാകുമെന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഇപ്പോൾ നിക്ഷേപത്തിന്റെ എത്ര ശതമാനമാണ് വായ്പയായി നൽകുന്നത് ; വർദ്ധന അനുസരിച്ച് നൽകാവുന്നത് എത്ര ശതമാനമാണ് ;

(ഡി) ഏറ്റവും ഒടുവിലത്തെ ലഭ്യമായ കണക്കുകളുടെയടിസ്ഥാനത്തിൽ സഹകരണ മേഖലയിലെ മൊത്തം നിക്ഷേപം എത്ര കോടി രൂപയാണ് ?

സഹകരണ വകുപ്പുമന്ത്രി (ശ്രീ. സി. എൻ. ബാലകൃഷ്ണൻ) : സർ,

(എ) നിർദ്ദിഷ്ട ബാങ്കിംഗ് നിയന്ത്രണ നിയമ ഭേദഗതി ജില്ലാ സഹകരണ ബാങ്കുകളുടെയും, അർബൻ സഹകരണ ബാങ്കുകളുടെയും നിലവിലുള്ള സ്ഥിതിയെ പ്രതികൂലമായി ബാധിക്കാൻ സാധ്യതയുണ്ട്. ബാങ്കുകൾ നിയമ പരമായി സൂക്ഷിക്കേണ്ട സി.ആർ.ആർ./എസ്.എൽ.ആർ. കരുതലുകൾ വാണിജ്യ ബാങ്കുകൾക്ക് സമാനമാക്കുകവഴി റിസർവ്വ് ബാങ്ക് കാലാകാലങ്ങളിൽ നിർദ്ദേശിക്കുന്ന തരത്തിൽ സഹകരണ ബാങ്കുകളും ഇവ സൂക്ഷിക്കാൻ ബാദ്ധ്യസ്ഥരാകുന്നു. ഇത് വായ്പ നൽകാനുള്ള പണത്തിന്റെ ലഭ്യത കുറയ്ക്കുന്നതിനും സഹകരണ ബാങ്കുകളുടെ വായ്പ വിതരണത്തെ പ്രതികൂലമായി

LIBRARY ARCHIVES Kerala Legislative Assembly